# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.06.2025**

## പ്രധാനവാർത്തകൾ

1) പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ; ലോക പരിസ്ഥിതി ദിനത്തിൽ രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

2) കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി നാശം എന്നിവ സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്കിടെ ആവാസവ്യവസ്ഥയുടെ സംരക്ഷണം കൂട്ടായ ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3) നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

4) ഹജ്ജ് കർമത്തിലെ പ്രധാന ചടങ്ങായ അറഫാ സംഗമം ഇന്ന്. കേരളത്തിൽ ബലിപെരുന്നാൾ ശനിയാഴ്ച.

5) ഐപിഎൽ വിജയാഘോഷങ്ങൾക്കിടെ 11 പേർ മരിക്കാനിടയായ സംഭവത്തിലെ പൊതുതാൽപര്യ ഹർജി കർണാടക ഹൈക്കോടതി ഇന്ന് പരിഗണിക്കും.

RNU TVPM

******************************

## ലോക പരിസ്ഥിതി ദിനം

പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യം ഓർമ്മപ്പെടുത്തി ഇന്ന് ലോക പരിസ്ഥിതി ദിനം. പ്ലാസ്റ്റിക് മലിനീകരണത്തെ ചെറുക്കുക അവസാനിപ്പിക്കുക എന്നതാണ് ഇത്തവണത്തെ പ്രമേയം. രാജ്യമെമ്പാടും വിപുലമായ പരിപാടികളും ഇതിൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷത്തെ ദിനാചരണത്തിന് ആഗോള തലത്തിൽ ആതിഥേയത്വം വഹിക്കുന്ന രാജ്യം ദക്ഷിണ കൊറിയയാണ്.

******************************

## പരിസ്ഥിതി ദിനം-പ്രധാനമന്ത്രി (ഇൻട്രോ)

പരിസ്ഥിതി സംരക്ഷണത്തിനായുള്ള പ്രതിബദ്ധത ശക്തിപ്പെടുത്താൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭൂമിയുടെ സംരക്ഷിക്ഷണത്തിനും കാലാവസ്ഥാ വെല്ലുവിളികൾ നേരിടുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കണമെന്ന് ലോക പരിസ്ഥിതി ദിന സന്ദേശത്തിൽ അദ്ദേഹം ആഹ്വാനം ചെയ്തു.

RNU TVPM

( വോയിസ്)

ഏക് പെഡ് മാ കേ നാം സംരംഭത്തിന്റെ ഭാഗമായി ഇന്ന് ന്യൂഡൽഹിയിലെ ഭഗവാൻ മഹാവീർ വനസ്ഥലി പാർക്കിൽ പ്രധാനമന്ത്രി വൃക്ഷത്തൈ നട്ടു. ഡൽഹി സർക്കാരിന്റെ 200 ഇലക്ട്രിക് ബസുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു. .

******************************

## മുഖ്യമന്ത്രി- പരിസ്ഥിതി സന്ദേശം

കാലാവസ്ഥാവ്യതിയാനം പരിസ്ഥിതി നാശം എന്നിവ സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്കിടെ ആവാസവ്യവസ്ഥയുടെ സംരക്ഷണം കൂട്ടായ

ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നാടിൻറെ വികസനം സുസ്ഥിരവും പ്രകൃതി സൗഹാർദം മുൻനിർത്തിയുള്ളതും ആകണമെന്നും പരിസ്ഥിതി ദിന സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.

******************************

## പരിസ്ഥിതി ദിനം - മുഖ്യമന്ത്രി

ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും. തിരുവനന്തപുരത്ത് ക്ലിഫ് ഹൗസ് അങ്കണത്തിൽ വൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം. അതെസമയം, 2025 ലെ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപന വിഭാഗത്തിൽ ഗുരുവായൂർ നഗരസഭയ്ക്കാണ് പുരസ്കാരം.

******************************

## പരിസ്ഥിതിമിത്രം-തൃശ്ശൂർ (ഇൻട്രോ)

പരിസ്ഥിതി സംരക്ഷണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചതിനാണ് ഗുരുവായൂർ നഗരസഭയെ പരിസ്ഥിതിമിത്രം പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. **ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്.........**

(വോയ്സ്)

******************************

## വൃക്ഷത്തൈ-ആരോഗ്യമന്ത്രി

പ്രസവശേഷം ആശുപത്രിയിൽ നിന്ന് കുഞ്ഞുമായി മടങ്ങുന്ന അമ്മയ്ക്ക് വൃക്ഷതൈ സമ്മാനമായി നൽകുന്ന 'ജീവൻ' എന്ന

RNU TVPM

പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിലാണ് പദ്ധതിയ്ക്ക് ആരോഗ്യ വകുപ്പ് തുടക്കമിട്ടത്. സെക്രട്ടറിയേറ്റിൽ നടന്ന ചടങ്ങിൽ ആരോഗ്യമന്ത്രി വീണാ ജോർജ് എസ്.എ.ടി ആശുപത്രിയിലെ സംഘത്തിന് വൃക്ഷതൈ കൈമാറി.

******************************

## പരിസ്ഥിതി ദിനം- ഗവർണർ

രാജ് ഭവനിൽ ഇന്ന് നടത്താനിരുന്ന പരിസ്ഥിതി ദിനാഘോഷ പരിപാടി കൃഷി വകുപ്പ് ഒഴിവാക്കി. സർക്കാർ പരിപാടികളിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത ചടങ്ങുകൾ ഒഴിവാക്കണമെന്ന കൃഷിവകുപ്പിൻറെ ആവശ്യം രാജ്ഭവൻ നിരസിച്ചതിനെ തുടർന്നാണ് ചടങ്ങ് ഒഴിവാക്കിയത്. കൃഷിവകുപ്പിന്റെ പരിപാടി സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ സംഘടിപ്പിച്ചു. ഭരണഘടനാ പരമായ സ്ഥാപനങ്ങൾ ഭരണഘടനയ്ക്ക് യോജിക്കാത്ത തരത്തിലുള്ള സമീപനം സ്വീകരിക്കുന്നതിനെ അംഗീകരിക്കാനാവില്ലെന്ന് കൃഷിമന്ത്രി പി പ്രസാദ് പിന്നീട് മാധ്യമങ്ങളോട് പ്രതികരിച്ചു.

RNU TVPM

******************************

## ലോക പരിസ്ഥിതി ദിനം-കണ്ണൂർ

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയം കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗം മത്സരം സംഘടിപ്പിച്ചു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എസ് വൈശാഖ് ഉദ്ഘാടനം ചെയ്തു.

******************************

## കണ്ടൽചെടികൾ (ഇൻട്രോ)

കണ്ടൽ ചെടികൾ വെച്ച് പിടിപ്പിച്ച് ശ്രദ്ധിക്കപ്പെട്ട തലശ്ശേരി സ്വദേശി സുരേന്ദ്രനെ ഈ പരിസ്ഥിതി ദിനത്തിൽ പരിചയപ്പെടാം.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.......**

(വോയ്സ്)

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും........

(ബ്രേക്ക്)

*****************************

## നിലമ്പൂർ

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. മൂന്ന് മണിവരെയാണ് പത്രിക പിൻവലിക്കാൻ സമയം നൽകിയിരിക്കുന്നത്. ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം സ്ഥാനാർത്ഥികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും മത്സര രംഗത്തുണ്ട്. വോട്ടെടുപ്പ് ദിവസമായ ഈ മാസം 19 ന് നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. 23 നാണ് വോട്ടെണ്ണൽ.

*****************************

RNU TVPM

## ഹജ്ജ്

ഹജ്ജ് കർമത്തിലെ പ്രധാന ചടങ്ങായ അറഫാ സംഗമം ഇന്ന്. 18 ലക്ഷത്തിലധികം തീർത്ഥാടകർ ഇത്തവണ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം. അതേസമയം കേരളത്തിൽ ബലിപെരുന്നാൾ ഈ മാസം ഏഴിനായിരിക്കുമെന്ന് വിവിധ ഖാസിമാർ നേരത്തെ അറിയിച്ചിരുന്നു. മസ്ജിദുകളിൽ പെരുന്നാൾ നമസ്കാരം നടക്കും. ഗൾഫ് നാടുകളിൽ നാളെയാണ് പെരുന്നാൾ.

*******************************

## പ്രതിഷ്ഠാദിനം-ശബരിമല.. (ഇൻട്രോ)

പ്രതിഷ്ഠാ ദിനത്തിൽ ഭക്തിസാന്ദ്രമായി സന്നിധാനം. മാളികപ്പുറത്തിനു സമീപം നവഗ്രഹങ്ങൾക്കായി പുതിയ ശ്രീകോവിലിനുള്ള പാദുകം വയ്പ്പ് ചടങ്ങും ഇന്ന് നടന്നു. പമ്പയിൽ നിന്ന് ഇന്ന് വൈകിട്ട് ആറുവരെ മാത്രമേ ഭക്തരെ സന്നിധാനത്തേയ്ക്ക് കയറ്റിവിടുകയുള്ളൂ. രാത്രി 10 നു പൂജകൾ പൂർത്തിയാക്കി നട അടയ്ക്കും. വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......

(വോയ്സ്)

*******************************

## ബംഗളൂരു-അപകടം

ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിൻറെ വിജയാഘോഷത്തിനിടെ 11 പേർ മരിക്കാനിടയായ സംഭവം കർണാടക ഹൈക്കോടതി ഇന്ന് പരിഗണിക്കും. ഇത് സംബന്ധിച്ച പൊതുതാത്പര്യ ഹർജിയാണ് ഉച്ചകഴിഞ്ഞ് കോടതി പരിഗണിക്കുക. സംഭവത്തിൽ, മജിസ്ട്രേറ്റ് തല അന്വേഷണവും കർണാടക സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

PIU TVPM

*******************************

## പ്രധാനമന്ത്രി ഗരീബ് കല്യാൺ

രാജ്യത്തെ എല്ലാ പൗരന്മാർക്കും അന്തസ്സോടെ ജീവിക്കാൻ കഴിയുന്ന, സമഗ്രവും സ്വയംപര്യാപ്തവുമായ ഇന്ത്യക്ക് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദാരിദ്ര്യ മുക്തമാക്കുന്നതിനായി ആവിഷ്കരിച്ച വിവിധ പദ്ധതികളിലൂടെ ഭവന നിർമ്മാണം, മികച്ച ബാങ്കിംഗ് സേവനങ്ങൾ, ആരോഗ്യ സംരക്ഷണം, ശുദ്ധമായ പാചക ഇന്ധനം തുടങ്ങിയവ എല്ലാവരിലുമെത്തിക്കാൻ സാധിച്ചതായും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

*******************************

## വികസിത കൃഷി സങ്കല്പ് അഭിയാൻ

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ കേരളത്തിലെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിലെ ബാലുശേരി ബ്ലോക്കിലെ ഉണ്ണിക്കുളത്ത് ക്യാമ്പയിനുമായി ബന്ധപ്പെട്ട പരിപാടികൾ നടന്നു. ബാലുശേരിയിലും ഉള്ളിയേരിയിലും ഇന്ന് ക്യാമ്പയിൻ നടക്കും.

*******************************

## പ്ലസ് വൺ - അലോട്ട്മെൻറ്

സംസ്ഥാനത്ത് ഹയർസെക്കൻ്ററി, VHSC പ്ലസ് വൺ പ്രവേശനത്തിന് ആദ്യ അലോട്ട്മെന്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാനുള്ള സമയം ഇന്ന് വൈകിട്ട് അഞ്ചിന് അവസാനിക്കും. ആദ്യ ഓപ്ഷനിൽ തന്നെ അലോട്ട്മെൻറ് ലഭിച്ചവർ ഫീസും ബന്ധപ്പെട്ട രേഖകളും ഹാജരാക്കി സ്ഥിരം പ്രവേശനം നേടണം.

RNUTVPM

*****************************

## കോവിഡ്

രാജ്യത്ത് 4,866 പേർക്ക് കോവിഡ് റിപ്പോർട്ട് ചെയ്യുതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇതിൽ 1,487 കേസുകൾ കേരളത്തിലാണ്. ഡൽഹിയിൽ 562 കേസുകളും പശ്ചിമബംഗാളിൽ 538 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*****************************

## യോഗ ദിനം

അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിനുള്ള മുന്നൊരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. ആയുഷ് മന്ത്രാലയം സംഘടിപ്പിക്കുന്ന യോഗ സംഗമത്തിൽ പങ്കെടുക്കാൻ ഇന്ത്യയിലുടനീളമുള്ള 30,000-ത്തിലധികം സംഘടനകൾ ഇതിനകം രജിസ്റ്റർ ചെയ്തു. ഈ മാസം 21 നാണ് അന്താരാഷ്ട്ര യോഗ ദിനം.

*****************************

## ഏകീകൃത കുർബാന പ്രതിഷേധം

ഏകീകൃത കുർബാന വിഷയവുമായി ബന്ധപ്പെട്ട് കൊച്ചി ബിഷപ്പ് ഹസ്സിന് മുന്നിൽ ഒരു വിഭാഗം വിശ്വാസികൾ പ്രതിഷേധിച്ചു. എറണാകുളം അങ്കമാലി അതിരൂപതയിലെ കുർബാന വിഷയത്തിൽ ചേരാനിരുന്ന വൈദിക സമിതി യോഗത്തിൽ, അച്ചടക്കനടപടി നേരിട്ട വൈദികരെ പങ്കെടുപ്പിക്കരുത് എന്നാവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.

*****************************

## ജമ്മു കശ്മീർ-പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ജമ്മു കശ്മീർ സന്ദർശിക്കും. 46,000 കോടിയിലധികം രൂപയുടെ വിവിധ വികസന

RNU TVPM

പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. കത്രയിൽ 350 കോടി രൂപയിലധികം ചെലവിൽ നിർമിക്കുന്ന ശ്രീ മാതാ വൈഷ്ണോദേവി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എക്സലൻസിന്റെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും.

******************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 340 പോയിൻറ് ഉയർന്ന് 81,338 ലും നിഫ്റ്റി 99 പോയിൻറ് ഉയർന്ന് 24,723 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കൂടി. പവന് 320 രൂപ കൂടി 73,040 രൂപയും ഗ്രാമിന് 9,130 രൂപയുമാണ് ഇന്നത്തെ വില.

****************************** **********************************************************

******************************

RNU TVPM